# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.199** **14/07/2016-ൽ മറുപടിക്ക്**

## വൈദ്യുതി അറ്റകുറ്റപ്പണികൾക്കിടെയുള്ള അപകടമരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ.റഹീം<br>,,സി.കെ.ശശീന്ദ്രൻ<br>,,എം.എം.മണി<br>,,പി.ഉണ്ണി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടെ വൈദ്യുതാഘാതമേറ്റുള്ള അപകടങ്ങൾ അധികരിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിലെ വൈദ്യുതാഘാതമേറ്റുള്ള അപകടങ്ങൾ ഉണ്ടാവുന്നുണ്ട്. പക്ഷെ 2014-ലെയും 2016-ലെയും കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ അപകടങ്ങൾ നേരിയ തോതിൽ കുറഞ്ഞിട്ടുണ്ട്. |
| (ബി) അറ്റകുറ്റപണിയിലേർപ്പെടുന്നവർക്ക് ഏതു തരത്തിലുള്ള സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) വൈദ്യുതി വിതരണ ലൈനുകളിലും ഉപകരണങ്ങളിലും ജോലി ചെയ്യുമ്പോൾ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പു വരുത്തുന്നതിനുവേണ്ടി ഉൽപ്പാദന, പ്രസരണ വിഭാഗങ്ങളിൽ നിലവിലുള്ള 'permit to work' (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/Discharge Rod, Earthing Chain, Rain Coat, Ladder, First Aid Kit etc) ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇനിയും ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാൻ പ്രത്യേകിച്ചും അറ്റകുറ്റ |

പ്പണിയിലേർപ്പെടുന്നതിനുമുൻപ് ആ പോസ്റ്റിലൂടെ കടന്നു പോകുന്ന എല്ലാ (എൽ.റ്റി/ എച്ച്.റ്റി.) ലൈനുകളുടെയും വൈദ്യുതി ബന്ധം വിഛേദിച്ച് ജോലി ചെയ്യുന്നതിനിരുവശവും എർത്ത് ചെയ്യുക തുടങ്ങിയ സുരക്ഷാ നടപടികൾ പാലിച്ചതിനു ശേഷം സുരക്ഷാ ഉപകരണങ്ങൾ ധരിച്ചു കൊണ്ടു മാത്രമേ ജോലി ആരംഭിക്കാൻ പാടുള്ളു എന്ന കർശന നിർദ്ദേശം നൽകുകയും അത് പാലിക്കുന്നു എന്നുറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സുരക്ഷ സംബന്ധിച്ച ബോധ വൽക്കരണ പരിപാടികളും നടത്തിവരുന്നു.

(സി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ അനാസ്ഥ കൊണ്ട് അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും സംരക്ഷണം നൽകാൻ വ്യവസ്ഥ ചെയ്യുമോ എന്ന് വെളിപ്പെടുത്തുമോ?

(സി) ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുന്ന ചെറുകിട കരാർ തൊഴിലാളിയുടെ (3 ലക്ഷം രൂപയ്ക്ക് താഴെയുള്ള അടങ്കൽ തുകയുള്ള കരാർ) ആശ്രിതർക്ക് പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരവും (397480 രൂപ മുതൽ 914160 രൂപ വരെ) അംഗവൈകല്യം സംഭവിക്കുന്നവർക്ക് അവശതാ നഷ്ടപരിഹാരവും ചികിൽസ കാലയളവിലേയ്ക്ക് അർദ്ധമാസികാ നഷ്ടപരിഹാരവും 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമ പ്രകാരം അനുവദിച്ചു വരുന്നു. 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കരാർ ജോലിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് കരാറുകാരൻ എടുത്തിട്ടുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷയിൽ നിന്നും നഷ്ടപരിഹാരം നൽകി വരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ എല്ലാ ജീവനക്കാരുടെ നിയമനവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നടപടി ക്രമങ്ങളിലൂടെയും 1963-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (Additional functions) Act, 1964-ലെ വ്യവസ്ഥകൾ

പ്രകാരവുമായതിനാൽ അപകട മരണം സംഭവിക്കുന്ന കരാർ ജീവനക്കാരുടെ അനന്തരാവകാശികൾക്ക് ആശ്രിതനിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**സെക്ഷൻ ഓഫീസർ**